(സി) യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന ഏകദിന വനിതാ ശില്പശാല സംഘടിപ്പിച്ചു. ശില്പശാലയുമായി ബന്ധപ്പെട്ട് ക്ലാസ്സുകൾ ഈ മേഖലയിലെ പ്രമുഖർ കൈകാര്യം ചെയ്തിട്ടുണ്ട്. കൂടാതെ സായംതൊഴിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചു. സംസ്ഥാന വനിതാ ശില്പശാല സംഘടിപ്പിക്കുന്നതിലേക്കുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു.

(ഡി) യുവജനക്ഷേമ ബോർഡ് നേരിട്ടാണ് പരിപാടി സംഘടിപ്പിച്ചത്.

യുവജനക്ഷേമ ബോർഡിന്റെ ചലച്ചിത്ര വർഷം പരിപാടി

249 (6700) ശ്രീ. ഐരബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബാംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ചലച്ചിത്ര വർഷം പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തൊക്കെ ലക്ഷ്യങ്ങളോടെ ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച് എന്തൊക്കെ പരിപാടികൾ സംഘടിപ്പിക്കുവാനുണ്ടായി , വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 100 വർഷം പിന്നിട്ട ഇന്ത്യൻ സിനിമയുടെ നേട്ടം ആഘോഷിക്കുക, ബഹുഭൂരിപക്ഷം വരുന്ന യുവസിനിമാ പ്രവർത്തകരെ അവരുടേതായ മേഖലകളിൽ കൈപിടിച്ച് ഉയർത്തുന്നതിന് സഹായകമാകുംവിധം ചലച്ചിത്ര ശില്പശാലകൾ സംഘടിപ്പിക്കുക, പരിശീലനക്യാമ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഈ മേഖലയിലേക്ക് കൂടുതൽ അവസരങ്ങൾ തുറന്നുകൊടുക്കുക എന്നതാണ് ലക്ഷ്യമിട്ടത്.

(സി) 2013 മേയ് 1-ന് പദ്മശ്രീ മോഹൻലാൽ ചലച്ചിത്ര വർഷം പരിപാടി ഉദ്ഘാടനം ചെയ്യുകയും കൂടാതെ ശ്രീ.പി.ടി. രാജീവൻ, ശ്രീ.മധുപാൽ, ശ്രീമതി. ബീനാപോൾ തുടങ്ങിയവർ നയിച്ച ക്ലാസ്സുകളും സംഘടിപ്പിച്ചു. ഈ പരിപാടിയുടെ തുടർച്ചയായി 2013 ജൂൺ 19 മുതൽ 22 വരെ ശില്പശാലയും

LIBRARY ARCHIVES Kerala Legislative Assembly

സംഘടിപ്പിച്ചു. ക്യാമ്പ് അംഗങ്ങളുടെ കൂട്ടായ്മയിൽ ഒരു ഹ്രസ്വചിത്രം നിർമ്മിക്കുകയുണ്ടായി. പ്രമുഖ മലയാള സിനിമാ സംവിധായകൻ ശ്രീ. വെനിൻ രാജേന്ദ്രനാണ് ചലച്ചിത്ര ശില്പശാലയുടെ ക്യാമ്പ് ഡയറക്ടറായി മുഴുവൻ ദിവസവും പ്രവർത്തിച്ചത്.

(ഡി) യുവജനക്ഷേമ ബോർഡ് നേരിട്ടാണ് പരിപാടി സംഘടിപ്പിച്ചത്.

വിഷൻ 2030

250 (6701) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പൈലി ഇ‍ഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവിദ്യാഭ്യാസവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വിഷൻ 2030-നെ കുറിച്ച് പഠിച്ചുവരികയാണോ ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ :

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച യുവജനങ്ങൾക്ക് ബഹു. മുഖ്യമന്ത്രിയുമായി ആശയ വിനിമയം നടത്തുന്നതിനും ഭാവി കേരളത്തെ പറ്റിയുള്ള നവീന ആശയങ്ങളും ക്രിയാത്മക നിർദ്ദേശങ്ങളും പങ്കിടുന്നതിനുമാണ് വിഷൻ 2030 എന്ന പരിപാടികൊണ്ട് വിഭാവനം ചെയ്തത്. യുവജനങ്ങൾക്ക് തങ്ങളുടെ ഭാവനകളും പ്രശ്നങ്ങളും നിർദ്ദേശങ്ങളും തുറന്നവതരിപ്പിക്കാൻ വിഷൻ 2030 അവസരമൊരുക്കി. 2013 ഏപ്രിൽ 23-ന് തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിലാണ് പരിപാടി സംഘടിപ്പിച്ചത്.

(ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ വിവിധ മേഖലകളിൽനിന്നും തെരഞ്ഞെടുത്ത യുവജനങ്ങളുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly